# ചങ്ങനാശേരിയിലെ ആഘോഷങ്ങൾ.

## ഭൗതികാവശിഷ്ട സംസ്കാരകർമ്മം.

(പ്രത്യേകറിപ്പോർട്ടർ)

ചങ്ങനാശേരി
കർക്കടകം 10

ഇന്നു നേരം പ്രഭാതമായതോടുകൂടി ചങ്ങനാശേരിപട്ടണം അത്ഭുതപൂർവമായ അലങ്കാരവിധാനങ്ങളാലും, പ്രതിനിമിഷം വർദ്ധിച്ചുവന്ന അതിവിപുലമായ ജനസംഖ്യയാലും അത്യന്തം സജീവവും ഉൽബുദ്ധവുമായി കാണപ്പെട്ടു. പട്ടണത്തിന്റെ ഏതു ഭാഗത്തു ചെന്നാലും, ജനങ്ങൾ കൂടി നിന്നു ഇന്നത്തെ ആഘോഷങ്ങളെപ്പററി സംസാരിക്കുന്നതേ കേൾപ്പാനുണ്ടായിരുന്നുള്ളൂ. നേരം മണി പത്തായപ്പോഴേയ്ക്കും ഈ പട്ടണത്തിൽ 75000-ൽപരം ജനങ്ങൾ കൂടിയിരുന്നു എന്നു് അതിശയോക്തിലേശംകൂടാതെ പറയാവുന്നതാണ്. കൃത്യം 9.45-നു ചമ്പക്കുളത്തുനിന്നും പുറപ്പെട്ട ഗംഭീരമായ ഘോഷയാത്ര ഒരു മണിയോടുകൂടി ചന്തക്കടവിൽ എത്തി.

മാർഗ്ഗമദ്ധ്യേയുള്ള പള്ളികളിൽനിന്നു, മൃതശരീരാവശിഷ്ടം വഹിച്ചിരുന്ന മഞ്ചത്തിന്മേൽ പുഷ്പമാല്യങ്ങൾ വർഷിക്കുകയുണ്ടായി. ഘോഷയാത്ര ചന്തക്കടവിൽ എത്തിയപ്പോൾ, അവിടെ ഒരുലക്ഷത്തോളം ജനങ്ങൾ കൂടിയിരുന്നു. ചന്തക്കടവു കുരിശുപള്ളിയിൽ വച്ചു് 'ഒപ്പീസ്" മുതലായ കർമ്മാദികൾ നടത്തിയശേഷം കത്തീഡ്രൽ പള്ളിയിലേക്കുള്ള ഘോഷയാത്ര ആരംഭിച്ചു.

## ചങ്ങനാശേരിയിലെ രാജോചിതമായ സ്വീകരണം.

ആദ്യമായി സ്കൗട്ടു സംഘക്കാരും അവരുടെ പിന്നിലായി 100-ൽ പരം പൊൻ-വെള്ളി കുരിശുകളും 500-ൽ അധികം മുത്തുക്കുടകളും അവയെ അനുഗമിച്ചു കന്യാസ്ത്രീകൾ, ഫ്രൻസിസ്കോസ് സഭാംഗങ്ങൾ, വിദ്യാർത്ഥിനികൾ, വിദ്യാർത്ഥികൾ, കർമ്മലീത്താ വൈദികർ, ബാൻറുവാദ്യക്കാർ, കറുപ്പുകുപ്പായവും സർപ്ലീസും ധരിച്ചിട്ടുള്ള വൈദികർ, ദർശനസമൂഹക്കാർ, എന്നിവർ രണ്ടു നിരയായും അതിനു പിറകിലായി ഡാക്ടർ കുര്യാളശ്ശേരി അവർകളുടെ ഭൗതികാവശിഷ്ടം വഹിച്ചിരുന്ന ശവമഞ്ചവും അതിന്റെ പിന്നിലായി തിരുവനന്തപുരം ആർച്ചുബിഷപ്പ് മാർ ഈവാനിയോസ് അവർകൾ പ്രധാന കാർമ്മികനായ ഡാക്ടർ കാളാശ്ശേരി അവർകൾ ഡാക്ടർ ചൂളപ്പറമ്പിൽ അവർകൾ, മാർ തെയോഫിലോസവർകൾ എന്നീ ബിഷപ്പന്മാരും മോൺസിഞ്ഞോർ കല്ലറയ്ക്കൽ, മോൺസിഞ്ഞോർ തെക്കനാട്ടു്, മോൺസിഞ്ഞോർ വാച്ചാപ്പറമ്പിൽ എന്നീ മോൺസിഞ്ഞോറന്മാരും വിജയപുരം, കൊല്ലം ആദിയായ രൂപതാപ്രതിനിധികളും യാത്ര തുടർന്നിരുന്നു.

2 മണി ആയപ്പോൾ ഘോഷയാത്ര കത്തീഡ്രൽ പള്ളിയിലെത്തി. കത്തീഡ്രൽ പള്ളിയുടെ പിൻഭാഗത്തായി സ്ഥാപിതമായിരിക്കുന്ന 'എട്ടുവട്ട"ത്തിൽ ഭൗതികാവശിഷ്ട പേടകം വച്ചുയും അവിടെവച്ചു കാലം ചെയ്ത ഈ വന്ദ്യമേലദ്ധ്യക്ഷന്റെ ഗുണഗണങ്ങളെ വിവരിച്ചുകൊണ്ടു ഡാക്ടർ ചൂളപ്പറമ്പിലവർകൾ അത്യന്തം ഹൃദയസ്പൃക്കായ ഒരു ചരമഭാഷണം നടത്തുകയുമുണ്ടായി.

## സംസ്കാരകർമ്മം.

അനന്തരം അവശിഷ്ടങ്ങൾ അത്യാഡംബരപൂർവ്വം പള്ളിയകത്തേക്കു ആനയിക്കയും അവിടെ മദ്ബഹായിൽ യഥാവിധി സംസ്കരിക്കയും ചെയ്തു. 1 ലക്ഷത്തിലധികം ജനങ്ങൾ സംബന്ധിച്ചിരുന്ന ഈ മഹാമഹം യാതൊരമംഗളസംഭവവുംകൂടാതെ ഇത്രവിജയകരമാക്കിത്തീർത്തതിൽ ചങ്ങനാശേരി പട്ടണവാസികൾ പ്രദർശിപ്പിച്ച ഉത്സാഹവും ശാന്തബുദ്ധിയും അഭിനന്ദനീയം തന്നെ.